**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267** | **14-03-2022 - ൽ മറുപടിയ്ക്ക്**

**ജലോത്സവങ്ങൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള ടൂറിസത്തിന് ഉത്തേജനം നൽകുന്ന ജലോത്സവങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ പരമ്പരാഗതമായ ജലോത്സവങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. നിലവിൽ വിനോദസഞ്ചാര വകുപ്പ് ജലോത്സവങ്ങൾക്ക് ധനസഹായവും സ്പോൺസർഷിപ്പും നൽകി വരുന്നുണ്ട്. ജലോത്സവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രധാനപ്പെട്ട ജലോത്സവങ്ങൾ ഉൾപ്പെടുത്തി 12 വേദികളിലായി ലീഗ് അടിസ്ഥാനത്തിൽ പ്രഥമ 'ചാമ്പ്യൻസ് ബോട്ട് ലീഗ്' നടത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം ജലോത്സവങ്ങൾ വിനോദസഞ്ചാരികൾക്കായി പരിചയപ്പെടുത്തുന്ന മാർക്കറ്റിംഗ് പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| (ബി) | ഓരോ ജലോത്സവങ്ങൾക്കും നൽകി വരുന്ന ഗ്രാന്റ് വർധിപ്പിക്കാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജലോത്സവങ്ങൾക്ക് അവയുടെ പ്രാധാന്യമനുസരിച്ചാണ് ധനസഹായം നൽകുന്നത്. |
| (സി) | എല്ലാ ഇനം കളിവള്ളങ്ങൾക്കും നൽകുന്ന ഗ്രാന്റ് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ